# ജാമക്കാരൻ
# JAMAKKARAN


VOLUME - 5 Reg NO.TNBIL/2016/70171 ISSUE - 7

JULY - 2021 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=


(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).


0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. 9894261333 This No. is for SMS Purpose only




കർത്താവിൽ പ്രിയരെ,

യേശുക്രിസ്തുവിന്റെ നിസ്തുല നാമത്തിൽ സ്നേഹവന്ദനം.

ഇപ്രാവശ്യം രണ്ടു മാസത്തെ മാസിക ഒരുമിച്ചു പ്രസിദ്ധീകരിക്കുവാൻ ദൈവം സഹായിച്ചു. ജാമക്കാരൻ മാസികയിലെ സന്ദേശങ്ങൾ പലർക്കും ജീവിതത്തിൽ വളരെയധികം പ്രയോജനപ്പെട്ടുവെന്ന സാക്ഷ്യങ്ങൾക്കായി ദൈവത്തെ സ്തുതിക്കുന്നു. ഈ കൊറോണക്കാലത്ത് ആരാധനാലയങ്ങൾ പൂട്ടിയിട്ടിരുന്നാലും ദൈവത്തിന്റെ കാതുകൾ തന്റെ മക്കളുടെ പ്രാർത്ഥനകൾക്കായും യാചനകൾക്കായും സദാസമയവും തുറന്നു വച്ചിരിക്കുന്നു. കൊറോണ കാരണം, ഭവന ആരാധനകളുടെ എണ്ണം

ജാമക്കാരൻ JAMAKKARAN

JULY- 2021

വർദ്ധിച്ചു. അതിന്റെ നന്മകളും ഈ കൊറോണക്കാലത്ത് ഞങ്ങൾക്ക് ഏറ്റവും അനുഗ്രഹപ്രദമായിരുന്നു.

സഭകൾക്കുവേണ്ടി വളരെ ഭാരത്തോടെ ഞങ്ങൾ പ്രാർത്ഥിക്കുന്നു. പണത്തിനുവേണ്ടിയും പദവികൾക്കുവേണ്ടിയും എന്തും ചെയ്യുവാൻ ധൈര്യപ്പെടുന്ന സഭകളുടെ ഭരണാധികാരികൾക്കുവേണ്ടിയും, ബിഷപ്പുമാർക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു. കൊറോണ കാലഘട്ടത്തിൽ സംഭവിക്കുന്ന മരണനിരക്കുകൾ കണ്ടെങ്കിലും അവർക്ക് മരണഭയവും ദൈവഭയവും ഉണ്ടായി അതിലൂടെ മാനസാന്തരത്തിന്റെ അനുഭവത്തിലേക്ക് ഓരോരുത്തരും മടങ്ങി വരുവാൻ ദൈവം സഹായിക്കട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ജാമക്കാരൻ വായനക്കാരുടെ കുടുംബങ്ങളിലും അനേകംപേർ കൊറോണ ബാധിതരായി എന്നുള്ള വിവരം വേദനയോടെ അറിഞ്ഞു. അവർക്ക് എല്ലാവർക്കും വേണ്ടി ഭാരത്തോടെ ഞങ്ങൾ പ്രാർത്ഥിക്കുന്നു. കേരളത്തിൽ പല സ്ഥലങ്ങളിലായി ഭവനങ്ങളിൽ ഏകരായി കഴിയുന്ന അപ്പച്ചൻമാർക്കും അമ്മച്ചിമാർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നു. മക്കളും കൊച്ചുമക്കളും വളരെ ദൂരത്തിലായിരുന്നാലും ജീവിക്കുന്ന സ്നേഹവാനായ ദൈവം എപ്പോഴും നിങ്ങളോടൊപ്പം സഹവസിക്കുന്നു എന്ന ധൈര്യത്തോടെ അവർക്കുവേണ്ടി പ്രാർത്ഥിക്കണം.

## മാതാ പ്രാർത്ഥന

ടെലിവിഷനിൽ പ്രധാനപ്പെട്ട മൂന്നു ചാനലുകൾ മരിച്ചുപോയ മാതാവിനോട് പ്രാർത്ഥിക്കുവാൻ ഉപദേശിക്കുന്നു. ബാബിലോൺ സ്ത്രീ ദൈവം പോലെ, യേശുവിനെ പുറന്തള്ളിയിട്ട് മാതാവിനെ ഉയർത്തിക്കാണിക്കുന്നു. മാതാവിനോട് പ്രാർത്ഥിച്ച് ലഭിച്ച വ്യാജസാക്ഷികളെ മുന്നിൽ നിർത്തി ജനങ്ങളെ വഞ്ചിക്കുന്നു.

## You Tube

യു ട്യൂബ് വഴിയായി ധാരാളം കത്തു ഉപദേശങ്ങളും പ്രസംഗങ്ങളും ആകർഷണീയങ്ങളായ അർത്ഥമില്ലാത്ത പാട്ടുകളും വർദ്ധിച്ചു വരുന്നു. ആ പാട്ടുകളും പ്രസംഗങ്ങളും കേൾക്കുന്ന ജനങ്ങളെ ആവേശഭരിതരാക്കും. എന്നാൽ, അത് ആത്മാക്കളെ തൊടുന്നില്ല. പള്ളികളിൽ ആരാധനകൾ മുടങ്ങിക്കിടക്കുന്ന ഈ നാളുകളിൽ വേറെ മാർഗ്ഗങ്ങളൊന്നും ഇല്ലാതെ മൊബൈൽ ഫോണിൽക്കൂടി കേൾക്കുന്ന ഇത്തരം പരിപാടികൾ കണ്ടും കേട്ടും ജനങ്ങൾ വിശ്വാസത്തിൽ നിന്നും പിന്നിലോട്ടു പോകുന്നു. അതേ യു ട്യൂബിൽ വചനത്തിന്റെ അടിസ്ഥാനത്തിൽ, വ്യാജമായ അന്യഭാഷ സംസാരിക്കാത്ത, ശ്രേഷ്ഠരായ ദൈവദാസൻമാരുടെ ആരാധനകളിൽ പങ്കെടുക്കുവാനും അവരുടെ നല്ല ദൈവീക സന്ദേശങ്ങൾ കേൾക്കുവാനും ദൈവം തന്നെ നല്ല യു ട്യൂബ് ചാനലുകളെ കാണിച്ചു തരണം എന്നു നമുക്ക് പ്രാർത്ഥിക്കാം.

## വീഡിയോ ഗെയിം

സ്കൂളുകളും കോളേജുകളും അടച്ചിട്ടിരിക്കുന്നതുകാരണം ഭവനങ്ങളിൽ യാതൊരു മാനസിക ഉല്ലാസവും ഇല്ലാതെ വിരസത അനുഭവിച്ചുകൊണ്ടിരിക്കുന്ന കുഞ്ഞുങ്ങൾ മൊബൈൽ ഫോൺ വഴിയുള്ള വീഡിയോ ഗെയിമുകൾക്ക് അടിമകളായി മാറിക്കൊണ്ടിരിക്കുന്നു. വിദ്യാസമ്പന്നരായ മാതാപിതാക്കളും ഓഫീസിൽ പോകാതെ ഭവനങ്ങളിൽ കഴിഞ്ഞുകൊണ്ട് ലാപ്ടോപ്പു വഴി പ്രൊജക്ട് വർക്ക്, വർക്ക് ഫ്രം ഹോം എന്ന പേരിൽ ദിവസം മുഴുവൻ തങ്ങളുടെ ജോലിയിൽ വ്യാപൃതരായിരിക്കുന്നു. അവർക്ക് കുടുംബത്തിൽ മക്കളോടും മാതാപിതാക്കളോടും കൂടെ സംസാരിക്കുവാനോ സ്നേഹം പങ്കുവയ്ക്കുവാനോ സമയം കണ്ടെത്തുവാൻ കഴിയുന്നില്ല. കുഞ്ഞുങ്ങൾ മൊബൈൽ ഫോണുകളിലും കമ്പ്യൂട്ടർ വഴിയായും വീഡിയോ ഗെയിമുകളിൽ തങ്ങളുടെ വിലപ്പെട്ട സമയങ്ങളെ

നഷ്ടപ്പെടുത്തിക്കൊണ്ട് അതിൽ മുഴുകിയിരിക്കുമ്പോൾ മാതാപിതാക്കളുടെയോ ഭവനത്തിലുള്ളവരുടെയോ സാമീപ്യം പോലും മറന്നു പോകുന്നു. എന്നാൽ, അവരുടെ കൈകളിൽ നിന്നും മൊബൈൽ ഫോൺ തിരികെ വാങ്ങി വയ്ക്കുവാനും മാതാപിതാക്കൾക്കു കഴിയുന്നില്ല. കാരണം, ഇന്ന് ഓൺലൈൻ വഴിയുള്ള പഠനങ്ങളും മൊബൈൽ ഫോൺ വഴിയാണ് നടക്കുന്നത്. ഇങ്ങനെ കൗശലക്കാരനായ പിശാച് തന്ത്രപൂർവ്വം യുവജനങ്ങളെ, കുഞ്ഞുങ്ങളെ വഞ്ചിച്ചുകൊണ്ടിരിക്കുകയാണ്. മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യം, മക്കളെ ബെഡ്റൂമിലും ബാത്ത്റൂമിലും മൊബൈൽ ഫോൺ കൊണ്ടുപോകുന്നതിൽ നിന്നും വിലക്കുക. കൂടാതെ, ആൺകുട്ടികളായാലും പെൺകുട്ടികളായാലും രാത്രിയിൽ അവരുടെ കിടപ്പുമുറി അകത്തു നിന്നും കുറ്റിയിടരുതെന്ന് പ്രത്യേകം പറയണം. രാത്രിയിലായാലും പകലായാലും മക്കളുടെ കിടപ്പുമുറിയിൽ പ്രവേശിക്കുവാനും പരിശോധിക്കുവാനും മാതാപിതാക്കൾക്ക് അവകാശമുണ്ട്. ഇങ്ങനെ ചെയ്യുന്നത് സംസ്കാരം അല്ല എങ്കിലും ഈ പ്രവൃത്തികൾ കുഞ്ഞുങ്ങളുടേയും യുവതലമുറകളുടെയും ആത്മീകവളർച്ചയ്ക്കു ഉത്തമം ആയിരിക്കും. ഇന്നത്തെ തലമുറ വളരെ പരിതാപകരമായ ഒരു വീഴ്ചയിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. പഴയകാലത്ത് മക്കൾ പുറത്തു പോകുമ്പോൾ മാതാപിതാക്കളോട് എവിടെയാണ് പോകുന്നത്, എന്തിനാണ് പോകുന്നത് എന്ന് പറഞ്ഞിട്ടു പോകുമായിരുന്നു. അഥവാ മടങ്ങി വരാൻ വൈകുമെങ്കിൽ അതിനുള്ള കാരണവും വിശദമാക്കുമായിരുന്നു. എന്നാൽ, ഇന്നത്തെ തലമുറ, അതിനു തയ്യാറാകുന്നില്ല. പറയാതെ പോകുന്ന മക്കളോട് എവിടെ പോകുന്നുവെന്ന് ചോദിച്ചാൽ അവർ പറയുകയില്ല, പകരം കോപിക്കുന്നു.

അവസാനമായി വായനക്കാരായ എല്ലാ മാതാപിതാക്കളോടും എനിക്കു പറയുവാനുള്ളത്, മക്കൾ നിങ്ങളുടെ നിയന്ത്രണത്തിൽ നിന്നും വിട്ടുപോയാൽ അവർ ദൈവത്തിന്റെ നിയന്ത്രണത്തിൽ നിന്നും വിട്ടുപോകും. ഇങ്ങനെയുള്ള തലമുറകളാണ് മദ്യത്തിനും മയക്കുമരുന്നിനും വ്യഭിചാരത്തിനും അടിമകളായി സമൂഹത്തിൽ നിന്നും പുറന്തള്ളപ്പെടുന്നത്. ഇത്തരക്കാരെ നിങ്ങൾ ഗുണദോഷിക്കുമെങ്കിൽ അവർ നിങ്ങളെ ഭീഷണികളാൽ നേരിടും. എന്നാൽ ഇത്തരക്കാരുടെ ഭീഷണികളെ നിങ്ങൾ ഭയപ്പെടരുത്. അവർ വീട് ഉപേക്ഷിച്ച് പോകുമെങ്കിൽ പോകട്ടെ. മുടിയനായ പുത്രനെപ്പോലെ ഒരു ദിവസം അവർ മടങ്ങി വരും.

എന്റെ ജീവിതത്തിൽ എന്റെ മാതാപിതാക്കൾ എന്നെ നല്ല മാർഗ്ഗത്തിൽക്കൂടിയാണ് വളർത്തിയത്. അതിന്റെ നന്മ ഇന്ന് ഞാനും എന്റെ കുടുംബവും സന്തോഷത്തോടെ അനുഭവിക്കുന്നു. മുകളിൽ സൂചിപ്പിച്ച എല്ലാ വിഷയങ്ങളിലും ജാഗ്രതയുള്ളവരായും എല്ലാ ദൈവീകനന്മകളും അനുഭവിക്കുവാൻ പ്രാർത്ഥനയോടെയും ആയിരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

''സഹോദരന്മാരേ, നിങ്ങൾ സ്വാതന്ത്ര്യത്തിന്നായി വിളിക്കപ്പെട്ടിരിക്കുന്നു; ഈ സ്വാതന്ത്ര്യം ജഡത്തിന്നു അവസരമാക്കുക മാത്രം ചെയ്യാതെ സ്നേഹത്താൽ അന്യോന്യം സേവിപ്പിൻ" (ഗലാ. 5:13).

"ദൈവവും വേദപുസ്തകവും ഇല്ലാത്ത ഒരു ജനതയെ ശരിയായ വിധത്തിൽ ഭരിക്കുക അസാദ്ധ്യമാകുന്നു" – ജോർജ്ജ് വാഷിംഗ്ടൺ.

"ക്രിസ്തുമതം ഗവൺമെന്റിന്റെ ഏറ്റവും ഉത്തമമായ സുഹൃത്ത് ആകുന്നു. കാരണം ക്രിസ്തുമതം മാത്രമാണ് ഹൃദയത്തിൽ മാറ്റം വരുത്തുന്ന ഏകമതം" – തോമസ് ജെഫേഴ്സൺ.

**Dr. Pushparaj**



# കലഹിക്കുന്ന സ്ത്രീ

“100 വേഷ്ടികൾ (മുണ്ട്) ഒന്നായിരുന്നാലും 2 സാരികൾ ഒന്നായിരിക്കുകയില്ല” ഇത് തമിഴ്നാട്ടിൽ പ്രചാരത്തിലുള്ള ഒരു പഴഞ്ചൊല്ലാണ്. വേദപുസ്തകത്തിൽ, റിബേക്കയും മരുമകളും, ഹന്നായും പെനിനാളും, യെയോദ്യയും സിന്തിക്കെയും തമ്മിൽ എപ്പോഴും കലഹമാണ്. എന്തുകൊണ്ട് ഇവർ എപ്പോഴും കലഹിക്കുന്നു? കലഹിക്കാതെ സമാധാനത്തോടെ ജീവിക്കുന്നത് എങ്ങനെ?

ആദ്യമായി, പരസ്പരം കലഹിക്കുന്നതും ശണ്ഠകൂടുന്നതും പാപമാണ് എന്ന് നാം മനസ്സിലാക്കുക. സ്ത്രീകളിൽ ചിലർ ഈ വിഷയത്തിൽ കുറ്റബോധം ഇല്ലാതെ പരസ്പരം കലഹിക്കുന്നു. ജഡത്തിന്റെ പ്രവൃത്തികൾ പരസ്യമായിരിക്കണം. എന്താണ് ജഡത്തിന്റെ പ്രവൃത്തികൾ. വേദപുസ്തകം പറയുന്നു: “ജഡത്തിന്റെ പ്രവൃത്തികളോ ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ എന്നു വെളിവാകുന്നു. ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു ഞാൻ മുമ്പെ പറഞ്ഞതുപോലെ ഇപ്പോഴും നിങ്ങളോടു മുൻകൂട്ടി പറയുന്നു” (ഗലാ. 5:19–21).

കലഹിക്കുന്നവർ ആരും ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന് അപ്പോസ്തലനായ പൗലോസും നമ്മെ ഓർമ്മിപ്പിക്കുന്നു. എന്നിട്ടും സ്ത്രീകളിൽ പലരും തെറ്റ് തിരുത്തുവാൻ സന്നദ്ധരാകുന്നില്ല. വീണ്ടും ഈ വിഷയത്തിൽ വേദപുസ്തകം നമ്മെ ഓർമ്മപ്പെടുത്തുന്നത് ശ്രദ്ധിക്കാം. "അവർ സകല അനീതിയും ദുഷ്ടതയും അത്യാഗ്രഹവും ദുർബുദ്ധിയും നിറഞ്ഞവർ. അസൂയ, കൊല, പിണക്കം, കപടം, ദുശ്ശീലം എന്നിവ തിങ്ങിയവർ, കുരളക്കാർ, ഏഷണിക്കാർ, ദൈവദ്വേഷികൾ, നിഷ്ഠൂരൻമാർ, ഗർവിഷ്ഠൻമാർ, ആത്മപ്രശംസക്കാർ, പുതുദോഷം സങ്കല്പിക്കുന്നവർ, മാതാപിതാക്കൻമാരെ അനുസരിക്കാത്തവർ, ബുദ്ധിഹീനർ, നിയമ ലംഘികൾ, വാത്സല്യമില്ലാത്തവർ, കനിവറ്റവർ ഈ വക പ്രവർത്തിക്കുന്നവർ മരണയോഗ്യർ എന്നുള്ള ദൈവന്യായം അവർ അറിഞ്ഞിട്ടും അവയെ പ്രവർത്തിക്ക മാത്രമല്ല പ്രവർത്തിക്കുന്നവരിൽ പ്രസാദിക്കയും കൂടെ ചെയ്യുന്നു" (റോമ. 1:29–32).

എത്യോപ്യ ദേശക്കാരിയായ ഒരു സ്ത്രീയെ മോശെ വിവാഹം ചെയ്തതുകൊണ്ട്, അവൾ നിമിത്തം, മിര്യാമും അഹരോനും മോശെക്ക് വിരോധമായി സംസാരിച്ചു. യഹോവ മോശെ മുഖാന്തരം മാത്രമേ അരുളി ചെയ്തിട്ടുള്ളുവോ ഞങ്ങൾ മുഖാന്തരവും അരുളി ചെയ്തിട്ടില്ലയോ? എന്നു പറഞ്ഞു (സംഖ്യാ. 12:1–2). സഹോദരങ്ങൾ പരസ്പരം കലഹിക്കുന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണിത്. മിര്യാമിന്റെ ഹൃദയം അസൂയയാൽ നിറയപ്പെട്ടു. മോശെ ഇപ്പോൾ ഒരു വലിയ നേതാവാണ്. പക്ഷേ, മോശെ കുഞ്ഞായിരിക്കുമ്പോൾ അവന്റെ ജീവൻ രക്ഷിച്ചത് മിര്യാം ആയിരുന്നു. യിസ്രായേൽ ജനത്തെ മിസ്രയിം ദേശത്ത അടിമവീട്ടിൽ നിന്നും വീണ്ടെടുത്തു പുറപ്പെടുവിക്കുവാൻ നേതൃത്വം നൽകിയവരിലും മിര്യാം ഉണ്ടായിരുന്നു (മീഖ. 6:4) എന്നാലും

തന്റെ ഇളയവനായ മോശെക്ക് ലഭിച്ച നായക പരിവേഷം മിര്യാമിന് സഹിച്ചില്ല. ഇപ്പോൾ മിര്യാമിന്റെ അഹംഭാവവും സ്വാർത്ഥതയും പിശാചിന്റെ രൂപത്തിന്റെ അവളുടെ ആത്മീകജീവിതത്തിൽ പ്രവേശിച്ചു കഴിഞ്ഞിരിക്കയാണ്. മിര്യാമിന് മോശയുടെ ഭാര്യയോടുള്ള വെറുപ്പിന് മറ്റൊരു കാരണവും ഉണ്ട്. തന്റെ സഹോദരനെ അവൾക്ക് വിട്ടുകൊടുക്കുവാൻ മിര്യാമിന് മനസ്സു വരുന്നില്ല. താനും സഹോദരങ്ങളായ മോശെയും അഹരോനും നേതൃത്വം കൊടുത്ത് യിസ്രായേൽ ജനത്തെ മിസ്രയിമിൽ നിന്നും പുറപ്പെടുവിച്ചപ്പോൾ മോശെയുടെ ഭാര്യ ഉണ്ടായിരുന്നില്ല. തങ്ങൾ മൂന്നു പേർ മാത്രമാണ് നേതൃത്വം നൽകിയത്. പക്ഷേ, ഇപ്പോൾ മോശെയുടെ ഭാര്യ എന്ന സ്ഥാനവും ബഹുമാനവും യിസ്രായേൽ ജനം കൊടുക്കുന്നത് മിര്യാമിന് സഹിക്കുന്നില്ല. ഇനി മുതൽ ഒരു നിഴൽ പോലെ എപ്പോഴും മോശെയോടൊപ്പം അവന്റെ ഭാര്യയും ഉണ്ടാകും. അപ്പോൾ ഇതുവരേയും സഹോദരങ്ങൾ പരസ്പരം കൂടിയാലോചിച്ചിരുന്ന കാര്യങ്ങൾ ഇനി മുതൽ മോശെയുടെ ഭാര്യോടൊപ്പവും പങ്കുവയ്ക്കണമല്ലോയെന്നുള്ള ചിന്തയാണ് മിര്യാമിന്റെ വെറുപ്പിനുള്ള കാരണം. ഇനി മുതൽ മോശെയും ഭാര്യയും പുറത്തു പോകുമ്പോൾ അവരുടെ പിറകിലാണ് തന്റെ സ്ഥാനം എന്നുള്ള ചിന്ത അവളെ ഒരു വർഗ്ഗവിദ്വേഷിയാക്കി മാറ്റി. ആയതിനാൽ, അസൂയ എന്ന പിശാചിന് നിങ്ങളുടെ ഹൃദയത്തിൽ നുഴഞ്ഞു കയറുവാനുള്ള അവസരം ഒരിക്കലും നിങ്ങൾ കൊടുക്കരുത്. മോശെയുടെ ജീവിതത്തിലേക്ക് അവന്റെ ഭാര്യ കടന്നു വന്നപ്പോൾ തന്റെ സ്ഥാനത്തിന് മാറ്റം സംഭവിക്കുമോയെന്നുള്ള ചിന്തയാണ് മിര്യാമിനെ ഈ നിലയിൽ എത്തിച്ചത്. വേദപുസ്തകം പറയുന്നത് : "അഹങ്കാരം കൊണ്ടു വിവാദം മാത്രം ഉണ്ടാകുന്നു. ആലോചന കേൾക്കുന്നവരുടെ പക്കലോ

ജ്ഞാനം ഉണ്ട്" (സദൃ. 13:0) എന്നാണ്. മിര്യാം വരം ലഭിച്ചവളായിരുന്നു. തനിക്കു ലഭിച്ച പ്രവചനവരത്തെ വളർത്തുന്നതിൽ, തനിക്കുള്ള നേതൃത്വപാടവത്തെ ഉപയോഗപ്പെടുത്തുന്നതിൽ, അവൾ ശ്രദ്ധിച്ചിരുന്നുവെങ്കിൽ അവൾക്കുള്ള മരണം സമ്പൂർണ്ണമായിരുന്നേനെ. പക്ഷേ, ഇപ്പോൾ മോശെയുടെ ഭാര്യയോടുള്ള അസൂയയെ വളർത്തിയതുകൊണ്ട് അവൾക്ക് മരണത്തെ വരിക്കേണ്ടി വന്നു (സംഖ്യാ 20:1). അസൂയ, അഹംഭാവം, സ്വാർത്ഥത, പക, വിദ്വേഷം എന്നീ പാപങ്ങളാൽ ഹൃദയം നിറയ്ക്കപ്പെട്ട അവളുടെ ജീവിതം കലഹിക്കുന്ന സ്ത്രീകളുടെ പട്ടികയിലെ ഒന്നാംസ്ഥാനം നിലനിർത്തിക്കൊണ്ട് അവസാനിച്ചു.

മിര്യാം മോശെക്ക് വിരോധമായി സംസാരിച്ചു. അവൾ സംസാരിച്ചത് ദൈവം കേട്ടു. അതിനെക്കുറിച്ച് മോശെ ദൈവത്തോട് ഒന്നും പറഞ്ഞിട്ടില്ല. സ്വന്തം ഭവനങ്ങളിൽ കലഹം സൃഷ്ടിക്കുന്ന നിങ്ങളുടെ ഓരോ വാക്കുകളും ദൈവം കേൾക്കുന്നു. അടുത്ത വചനം ഇപ്രകാരം പറയുന്നു : മോശെ ഭൂമിയുള്ള സകലമനുഷ്യരേക്കാളും സൗമ്യനായിരുന്നു എന്ന്. മോശെയുടെ ജീവിതത്തിൽ പർവ്വത സമാനമായ ക്ഷമ ഇല്ലാതെ പോയിരുന്നുവെങ്കിൽ അവിടെ അടിയും വഴക്കും നടന്നിരിക്കും.

കലഹത്തിന്റെ ആരംഭം ഡാമിന്റെ ഷട്ടർ തുറക്കുന്നതുപോലെ ആയിരിക്കും. അതുകാരണം, ഭയങ്കരമായ വാഗ്വാദം ഉണ്ടാകും. അതുകൊണ്ട് വർത്തമാനത്തിൽ സൂക്ഷിക്കുക. "കലഹത്തിന്റെ ആരംഭം മടവെട്ടി വെള്ളം വിടുന്നതുപോലെ: ആകയാൽ കലഹമാകും മുമ്പെ തർക്കം നിർത്തിക്കളക" (സദൃ. 17:14) എന്നാണ് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നത്. മിര്യാം മട തുറന്നുവിട്ടു. പക്ഷേ, മോശെ അത് കാര്യമാക്കിയില്ല. എന്നാൽ ദൈവം മോശെയ്ക്കുവേണ്ടി വാഗ്വാദം

ചെയ്തു. അതുകാരണം, മിര്യാം ഒരു കുഷ്ഠരോഗിയായി മാറി. അതെ, നമ്മുടെ കുടുംബപ്രശ്നങ്ങളിൽ നാം മിണ്ടാതെയിരുന്നാൽ ദൈവം നമുക്കുവേണ്ടി യുദ്ധം ചെയ്യും (2 ദിന. 20:17). എന്നാൽ എനിക്കുവേണ്ടി ദൈവം പ്രതികാരം ചെയ്തു എന്ന് മോശെ ഒരിക്കലും നിഗളിച്ചിട്ടില്ല. പക്ഷേ, മോശെയോ മിര്യാമിനുവേണ്ടി ദൈവത്തോട് കെഞ്ചി പ്രാർത്ഥിച്ചു. "സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാൻമാർ. അവർ ദൈവത്തിന്റെ പുത്രൻമാർ എന്നു വിളിക്കപ്പെടും" (മത്താ. 5:9). നിങ്ങളുടെ ഹൃദയത്തിൽ കോപം ഉളവാകുമ്പോൾ ദൈവം മിര്യാമിനോടു ചെയ്തത് ഓർത്തുകൊൾവിൻ. നിങ്ങൾ മിസ്രയിമിൽ നിന്നും പുറപ്പെട്ടശേഷം നിന്റെ ദൈവമായ യഹോവ വഴിയിൽ വെച്ചു മിര്യാമിനോട് ചെയ്തതു ഓർത്തു കൊൾക" (ആവ. 24:9). മോശെയ്ക്ക് തന്റെ കുടുംബജീവിതത്തിൽ ആരംഭം മുതലേ സമാധാനം നഷ്ടമായിരുന്നു. കാരണം, മിദ്യാൻ ദേശത്തെ സിപ്പോറ എന്ന യുവതിയെ വിവാഹം കഴിച്ചു. അതുകൊണ്ട് തനിക്ക് ജനിച്ച ആദ്യമകന് പേര് വയ്ക്കുമ്പോൾ താൻ അന്യദേശത്ത് പരദേശിയായി ഇരിക്കുന്നു എന്നു പറഞ്ഞാണ് ഗെർശോം എന്ന് പേരിട്ടത് (പുറ. 2:22). ഈ കാരണത്താൽ മോശെ സ്വന്തഭവനത്തിൽ തന്നെ ഒരു അന്യനായി ജീവിച്ചു എന്നു നമുക്കു മനസ്സിലാക്കാം.

യോസേഫിന്റെ ജീവിതത്തിൽ മറ്റൊരു വർഗ്ഗത്തിലുള്ള ആസ്നത്ത് എന്ന സ്ത്രീയെ വിവാഹം ചെയ്തു. അതുകൊണ്ട് തന്റെ ആദ്യമകന് മനശ്ശെ എന്നു പേരിട്ടു. എന്റെ സകലകഷ്ടതയും എന്റെ പിതൃഭവനമൊക്കെയും ദൈവം എന്നെ മറക്കുമാറാക്കി എന്നു പറഞ്ഞാണ് തന്റെ മകന് മനശ്ശെ എന്നു പേരിട്ടത് (ഉല്പ. 41:51). ഇവർ രണ്ടു പേരുടെയും ജീവിതത്തിൽ ഉണ്ടായ വ്യത്യാസം ശ്രദ്ധിച്ചുവോ?

ഭാര്യ എന്ന ഒരു വ്യക്തി നമ്മുടെ ജീവിതത്തിൽ കടന്നു വന്നാൽ

നമ്മുടെ ജീവിതക്രമത്തിൽ എന്തൊക്കെയാണ് മാറ്റം വരുന്നത്. മോശെക്ക് തന്റെ ഭാര്യയുമായി യോജിച്ചു പോകുവാൻ കഴിയാതിരുന്നത് എന്തുകൊണ്ട്? വിവാഹം കഴിഞ്ഞ നാളുകളിൽ ദൈവം മോശെയോട് മിസ്രയീമിലേക്ക് പോകുവാൻ ആവശ്യപ്പെട്ടപ്പോൾ കുടുംബമായിട്ട് പുറപ്പെട്ടു പോയി (പുറ. 4:20). മരുഭൂമിയാത്രയിൽ ദൈവം മോശെയെ കൊല്ലുവാൻ ശ്രമിച്ചു. അതിന്റെ കാരണം സിപ്പോറ മനസ്സിലാക്കി. ഇവർ വേറെ വർഗ്ഗത്തിൽ ചേർന്നിരുന്നവളായതുകൊണ്ട് മോശെ പരിച്ഛേദനയെക്കുറിച്ച് സംസാരിച്ചപ്പോൾ അവൾക്കത് ഇഷ്ടപ്പെട്ടില്ല. പരിച്ഛേദനയെക്കുറിച്ച് മോശെ പറയുമ്പോഴെല്ലാം സിപ്പോറ വീട്ടിൽ കലഹക്കാരിയായി മാറുമായിരുന്നു. വീട്ടിൽ കലഹം ഉണ്ടാകുമ്പോൾ മോശെ എല്ലാം ക്ഷമിച്ച് മൗനം പാലിക്കുമായിരുന്നു. അതുകൊണ്ട് യാത്രാമദ്ധ്യേ ഒരു അത്യാവശ്യ ഓപ്പറേഷൻ ചെയ്യുവാനുള്ള പദ്ധതി ദൈവം ഉണ്ടാക്കിയത്. എന്നിട്ടും മോശെയുടെ ഭാര്യയുടെ കോപം ശമിച്ചില്ല. അതുകാരണം എന്താണ് സംഭവിച്ചത്. പാതിവഴിയിൽ അവൾക്കും മക്കൾക്കും തന്റെ പിതൃഭവനത്തിലേക്ക് മടങ്ങേണ്ടി വന്നു (പുറ. 18:2). ഭാര്യയുടെ ഈ കോപവർത്തമാനം ഒഴുകുന്ന ജലം പോലെ അവളുടെ കുടുംബത്തിൽ എപ്പോഴും ഉണ്ടായിരുന്നു.

"ഭവനവും സമ്പത്തും പിതാക്കൻമാർ വച്ചേക്കുന്ന അവകാശം. ബുദ്ധിയുള്ള ഭാര്യയോ യഹോവയുടെ ദാനം" (സദൃ. 19:14).

എപ്പോഴും കലഹിക്കുന്ന ഭാര്യയോടൊപ്പം ജീവിക്കുമ്പോൾ ഭർത്താവിന്റെ ഹൃദയത്തിലും ഒരു ചിന്തയുണ്ടാകും, ഇവളെ എനിക്കു വേണ്ടി ദൈവം തെരഞ്ഞെടുത്തവൾ തന്നെയോ എന്ന്. അതുകൊണ്ടാണ് മോശെയാൽ എഴുതപ്പെട്ട പുസ്തകങ്ങളിലൊന്നും തന്റെ ഭാര്യയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ എഴുതിയിട്ടില്ല.

കലഹക്കാരിയായ ഭാര്യ മഴക്കാലത്ത് ഇരമ്പിയെത്തുന്ന ഒഴുക്കുവെള്ളത്തിന് സദൃശ്യം. ''പെരുമഴയുള്ള ദിവസത്തിൽ ഇടവിടാത്ത ചോർച്ചയും കലഹക്കാരത്തിയായ സ്ത്രീയും ഒരുപോലെ. അവളെ ഒതുക്കുവാൻ നോക്കുന്നവൻ കാറ്റിനെ ഒതുക്കുവാൻ നോക്കുന്നു. അവന്റെ വലംകൈകൊണ്ടു എണ്ണയെ പിടിപ്പാൻ പോകുന്നു'' (സദൃ. 27:15 16). ഭാര്യ തന്നെ വിട്ടുപിരിഞ്ഞ് 40 വർഷത്തിനുശേഷം മോശെ തന്റെ ബന്ധുക്കളെയും സ്നേഹിതൻമാരെയും സന്ദർശിക്കുവാൻ പോകുന്നു. നേരത്തെ അവർ മോശെയുടെ ബന്ധുക്കളും സ്നേഹിതൻമാരും ആയിരുന്നു. എന്നാൽ ഇപ്പോൾ മോശെ വലിയൊരു ജനതയുടെ നായകനാണ്. അതുകൊണ്ട് ഇപ്പോൾ മോശെയുടെ ഭാര്യക്ക് അവരുടെ മുന്നിൽ മോശെയോട് കലഹിക്കുവാൻ സാധിക്കുകയില്ല. കഴിഞ്ഞ 40 വർഷക്കാലം ഭാര്യയുടെ ദേഷ്യസ്വഭാവത്തിൽ നിന്നും വിട്ടു നിന്നതുകൊണ്ട്, ഭാര്യയെക്കുറിച്ചുണ്ടായ വിഷമം ഇല്ലാതിരുന്നതുകൊണ്ട് മോശെ ഇത്രയും വലിയ ജനത്തിന്റെ നേതൃസ്ഥാനം സുഗമമായി കൊണ്ടു പോകുവാൻ പ്രാപ്തനായി. വേദപുസ്തകം പറയുന്നത്, "ശണ്ഠ കൂടുന്ന സ്ത്രീയോടുകൂടെ പൊതുവീട്ടിൽ പാർക്കുന്നതിനേക്കാൾ മേല്പുരയുടെ ഒരു കോണിൽ പാർക്കുന്നത് നല്ലത്" (സദൃ. 21:9) എന്നാണ് മോശെയുടെ ഭാര്യ സിപ്പോറ അവനെ സ്നേഹിച്ച് സന്തോഷകരമായ ഒരു കുടുംബജീവിതം നയിച്ചിരുന്നുവെങ്കിൽ എത്രയധികം നല്ലതായിരുന്നു. ഇവിടെ 40 വർഷം കഴിഞ്ഞ് ദേശത്തു മടങ്ങി വന്ന മോശെ അവളെ തെരഞ്ഞില്ല. പകരം, അവളുടെ അപ്പനേയും അമ്മയേയും അന്വേഷിച്ചാണ് വന്നത്. സിപ്പോറയുടെ അപ്പനും അമ്മയും മോശെയെ വളരെ സന്തോഷത്തോടെ സ്വീകരിച്ചു. മോശെ തന്റെ അമ്മായി അപ്പനെ കെട്ടിപ്പിടിച്ചു ചുംബിച്ചു. തന്റെ യാത്രയ്ക്കിടയിൽ സംഭവിച്ച എല്ലാ കാര്യങ്ങളും അവൻ അവരോട്

വിശദീകരിച്ചു. മോശെയുടെ ഭാര്യ സിപ്പോറ കലഹം ഉണ്ടാക്കി തിരിച്ചു വന്നില്ലായിരുന്നുവെങ്കിൽ മടങ്ങിവന്ന മോശെ അവളെയാണ് തിരഞ്ഞു കണ്ടുപിച്ചു കെട്ടിപ്പിടിച്ച് ചുംബിച്ച് യാത്ര വിവരങ്ങളെല്ലാം അറിയിക്കേണ്ടിയിരുന്നത്. കുടുംബത്തിൽ ഭാര്യയുടെ കലഹസ്വഭാവം 40 വർഷങ്ങൾക്കുശേഷം മടങ്ങി വന്ന ഭർത്താവിന്റെ സ്നേഹചുംബനം ലഭിക്കേണ്ട ഭാഗ്യം നഷ്ടപ്പെടുത്തി. ഇതെല്ലാം നഷ്ടപ്പെട്ട അവസ്ഥയിലുള്ള അവളുടെ നിൽപ് വളരെ ദയനീയമാണ്. “പാൽ കടഞ്ഞാൽ വെണ്ണയുണ്ടാകും: മൂക്കുഞെക്കിയാൽ ചോര വരും: കോപം ഇളക്കിയാൽ വഴക്കുണ്ടാകും” (സദൃ. 30:33) എന്ന വേദവാക്യം മനസ്സിലാക്കുവാൻ അവൾ വൈകിപ്പോയി.

□ ഹന്നയെപ്പോലെ ഓരോ സ്ത്രീകൾക്കും കുത്തുന്ന സാത്താന്റെ ശൂലം ഉണ്ട്. അത് നിങ്ങളുടെ സഹോദരിയോ, നാത്തൂനോ, അമ്മയോ, അമ്മായി അമ്മയോ, നിങ്ങളുടെ ഭവനത്തിലെ മറ്റാരെങ്കിലുമോ ആയിരിക്കും. അങ്ങനെയുള്ള ഒരു കുടുംബത്തിൽ പോയ ഹന്ന, തന്റെ ശാന്തസ്വഭാവത്താൽ ജയജീവിതം നയിച്ചു. “മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു. കഠിന വാക്കോ കോപത്തെ ജ്വലിപ്പിക്കുന്നു” (സദൃ. 15:11). ഓരോ സ്ത്രീയും തന്റ നാവിന് കടിഞ്ഞാൺ ഇടുന്നത് നല്ലതാണ്. സ്വന്ത ജ്ഞാനത്താൽ ആർക്കും പ്രശ്നങ്ങളെ അതിജീവിക്കുവാൻ സാധ്യമില്ല. പക്ഷേ, ഹന്നയെപ്പോലെ ശാന്തവും സൗമ്യവുമായ സ്വഭാവത്തോടെ പെരുമാറുമെങ്കിൽ കുടുംബപ്രശ്നങ്ങളെ അതിജീവിക്കുവാൻ സാധിക്കും. ശണ്ഠ കൂടുവാൻ കുറഞ്ഞത് രണ്ടു പേരെങ്കിലും ഉണ്ടാകണം. അദ്ദേഹം എന്നോടു ശണ്ഠയിട്ടു എന്നു പറഞ്ഞാൽ നിങ്ങൾ നിങ്ങളെ തന്നെ ഒറ്റുകൊടുക്കുന്നു എന്നർത്ഥം. നിങ്ങൾ സംസാരിക്കാതെ മൗനമായിരുന്നാൽ നിങ്ങളോടും ആരും ശണ്ഠയ്ക്കു

വരികയില്ല. നമ്മുടെ ഹൃദയത്തേയും നാവിനേയും ദൈവകരത്തിൽ ഏൽപ്പിച്ചാൽ മതി. ഹന്നയെപ്പോലെ നിങ്ങളുടെ വിവാഹജീവിതം മുഴുവൻ കുടുംബത്തിന്റെയും ജീവിതസാഹചര്യങ്ങളെ മാറ്റി മറിക്കും.

"എന്റെ രാജ്യം ഐഹികമല്ല. എന്റെ രാജ്യം ഐഹികം ആയിരുന്നു എങ്കിൽ എന്നെ യഹൂദൻമാരുടെ കൈയ്യിൽ ഏല്പിക്കാതവണ്ണം എന്റെ ചേവകർ പോരാടുമായിരുന്നു. എന്നാൽ എന്റെ രാജ്യം ഐഹികമല്ല എന്ന ഉത്തരം പറഞ്ഞു" (യോഹ. 18:36). ഇതു വായിക്കുന്ന നിങ്ങൾ ഏതു ലോകത്തിന്റെ അവകാശികളാണ്.

സ്ത്രീധനത്തിനുവേണ്ടി പോരാടി വിവാഹജീവിതത്തെ താറുമാറാക്കിയ എത്രയോ പേരുടെ അനുഭവങ്ങൾ ഓരോ ദിവസവും നാം അറിഞ്ഞുകൊണ്ടിരിക്കുന്നു. ഹന്നയെപ്പോലെ ദൈവഹിതത്തിനുവേണ്ടി സമർപ്പിക്കുക. കലഹിച്ച് ശക്തിയെ നഷ്ടമാക്കാതിരിക്കുക. ''മനുഷ്യന് അശുദ്ധി വരുത്തുന്നത് വായിക്കകത്തു ചെല്ലുന്നത് അല്ല. വായിൽ നിന്നും പുറപ്പെടുന്നതത്രെ. അതു മനുഷ്യനെ അശുദ്ധമാക്കുന്നു" (മത്താ. 15:11).

''കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ. സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വച്ചു കൊണ്ടിരിക്കുന്നത്" (എഫെ.4:26).

ആത്മാവിന്റെ ഫലങ്ങൾ ശണ്ഠക്ക് തക്ക പരിഹാരമാണ്.

ആത്മാവിന്റെ ഫലങ്ങൾ ശണ്ഠക്ക് തക്ക പരിഹാരമാണ്. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കുകയാണെങ്കിൽ കലഹിക്കുന്നില്ല. സന്തോഷമായിരുന്നാൽ കോപിക്കുന്നില്ല; മാത്രമല്ല, ഭിന്നത ഉണ്ടാകുന്നുമില്ല. സമാധാനപ്രിയരായിരുന്നാൽ കോപിക്കുന്നില്ല; മാത്രമല്ല, ഭിന്നത ഉണ്ടാക്കുന്നുമില്ല. സമാധാനപ്രിയരായിരുന്നാൽ

ഒരിക്കലും നിങ്ങൾ ഭിന്നതക്കു കാരണമാകുന്നില്ല. ദീർഘക്ഷമ ഉള്ളവരായിരുന്നാൽ പോരാടുന്നില്ല. ദയ കാണിക്കുന്നവരായിരുന്നാൽ ശാന്തമായ മറുപടി കൊടുക്കും. നല്ല ഗുണങ്ങളുണ്ടായിരുന്നാൽ മറ്റുള്ളവരോട് ദേഷ്യപ്പെട്ട് സംസാരിക്കില്ല. ദൈവത്തിൽ ഉറച്ച വിശ്വാസത്തിൽ ആയിരുന്നാൽ സ്വന്തബലത്തിൽ ആശ്രയിക്കുന്നില്ല. നിങ്ങളുടെ ഹൃദയത്തിൽ ശാന്തത ഉണ്ടായിരുന്നാൽ മറ്റു വാക്കു പറയുന്നില്ല. ഇന്ദ്രിയബലം (Self Control) ഉള്ളവരായിരുന്നാൽ നിങ്ങളെതന്നെ നിയന്ത്രിക്കുവാൻ സാധിക്കും. ദൈവം നിങ്ങൾക്കു സമാധാനവും കുടുംബത്തിൽ സന്തോഷവും നൽകുമാറാകട്ടെ.

# WANTED

Bethany Medical Centre, a **Christian Mission Hospital at Anaikatty,** a village on the **border of Tamil Nadu and Kerala** is looking for a **SENIOR PHYSICIAN**

Surrounded by the gorgeous **Western Ghats** the hospital has a panoramic background and the village been slowly developing as a tourist **centre** in the last few years.

Started as a Mission Hospital in 1990 with the aim of providing affordable high quality **Medical Care** to the **poor Tribal Population,** It has grown over the last 30 years into a 60 bed hospital with all basic facilities.

Presently, after 5 decades of medical service , **Dr. Muralidar, M.D.,** (Cordiologist) the **Medical Director** has decided to **step down as director** of this **institute** and the **management** is looking for a **Senior Pysician** to take over the responsibility of **running the hospital .** We are also on the look out for committed **Pediatrician.**

At Present, we have a **General Surgeon, a Gynaecologist and a Dental Surgeon. An experienced ENT surgeon, a Plastic Surgeon, an Orthopedic Surgeon, an Anesthesiologist and an Urologist also work as visiting consultants**. The hospital is on an 8 acre land with a **camp centre** and a senior **citizen quarters .** 80 percent of the **hospital staff** live within the **campus w**hich has a **beautiful chapel** and **mess facilities.**

**Decent salary** and partially **furnished accommodation** are provided.

*Interest Doctors can apply to :*


**Dr. K. MURALIDAR,**

*Director,* **Bathany Medical Centre,**

**Anaikatty P.O., Coimbatore - 641108, TN**

email : muralidar.anaikatty@gmail.com Cell : 9194431 65080





## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

**JULY -2021**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.